31
2026
ഒക്ടോബർ
ശനി
തുലാം 14

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 201 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-201 പേജ് 4. വില 2.00 രൂപ

02 മലയാളി മങ്ക - കേരള ശ്രീമാൻ ഗ്രാൻഡ് ഫിനാലെ ടെക്നോപാർക്കിൽനവംബർ ഒന്നിന്
03 മോഹൻലാലിന്റെ 368-ാം ചിത്രം പ്രഖ്യാപിച്ചു
04 മീനങ്ങാടി സ്കൂൾ വിനോദയാത്ര വിവാദം: പ്രിൻസിപ്പൽ മദ്യപിച്ചിട്ടില്ലെന്ന് രക്തപരിശോധന ഫലം

മിഷൻ സമുദ്ര പദ്ധതി നടപ്പിലാക്കും

തിരുവനന്തപുരം : മത്സ്യബന്ധനം, മൂല്യവർദ്ധനവ്, മാർക്കറ്റിംഗ്, ലോജിസ്റ്റിക്സ്, ടൂറിസം മേഖലകളിൽ യുവാക്കൾക്കും സ്ത്രീകൾക്കും സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എ. ഡി. തോമസ്, എം. എൽ. എ ഉന്നയിച്ച സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടിയിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ 19.06.2026ന് പ്രഖ്യാപിച്ച പഞ്ചവത്സര സമുദ്ര സാമ്പത്തിക പരിവർത്തന പദ്ധതിയാണ് മിഷൻ സമുദ്ര. 2026-27ലേക്ക് 400 കോടി രൂപയുടെ മിഷൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. തുറമുഖ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ വകുപ്പ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ, റോഡ്, റെയിൽ, ജലപാത കണക്റ്റിവിറ്റി, ലോജിസ്റ്റിക്സ് പാർക്കുകൾ, മാരിടൈം ക്ലസ്റ്ററുകൾ, തുറമുഖ ബന്ധിത നഗരങ്ങൾ എന്നിവയെ ഒരു സംയോജിത സമുദ്ര സമ്പദ്വ്യവസ്ഥയായി വികസിപ്പിക്കുക യാണ് പദ്ധതിയുടെ ലക്ഷ്യം. 2031ഓടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും ലക്ഷ്യമിടുന്നു. ഈ പദ്ധതി കേവലം ഒരു മത്സ്യബന്ധന പദ്ധതിയല്ല; തീരദേശ സമ്പദ്വ്യവസ്ഥയുടെ സമഗ്ര വികസനമാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും തീരദേശ ജനതയുടെയും ഉപജീവനവും നൈപുണ്യ വികസനവും പദ്ധതിയുടെ രൂപകൽപ്പനയിൽ തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മാരിടൈം ക്ലസ്റ്റർ വികസന പരിപാടിയുടെ ഭാഗമായി മറൈൻ എക്സ്പോർട്ട് സോൺ & സീഫുഡ് പാർക്ക്, കോസ്റ്റൽ അക്വാകൾച്ചർ & മറൈൻ ഫുഡ് പ്രോസസ്സിംഗ് ക്ലസ്റ്റർ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയുടെ നിർവ്വഹണത്തിൽ ഫിഷറീസ് വകുപ്പ് പങ്കാളിയാണ്. മത്സ്യത്തൊഴിലാളി ഉപജീവന സംരക്ഷണം, കോൾഡ് ചെയിൻ, മത്സ്യ ഉൽപ്പാദക സംഘടനകളുടെ (എജഛ) സംയോജനം

എന്നിവ ഇതിന്റെ ഭാഗമാണ്.

ഓരോ തുറമുഖ മേഖലയിലും മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ, സമൂഹ സംരംഭങ്ങൾ, സ്കിൽ സെന്ററുകൾ എന്നിവ ഉൾപ്പെടുന്ന 'തീരദേശ സമൂഹ ഉപജീവന മേഖല'യും, പരിശീലന സ്ഥാപനങ്ങൾ ഉൾപ്പെടുന്ന 'ഇന്നൊവേഷൻ & സ്കിൽസ് മേഖലയും ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ബാധിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും തീരദേശ തൊഴിലാളികൾക്കും പ്രാദേശിക നൈപുണ്യ വികസനം, പരിവർത്തന സഹായം, ഗുണഫല പങ്കുവയ്ക്കൽ എന്നിവ പദ്ധതിയുടെ സാമൂഹിക സുരക്ഷാ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലോജിസ്റ്റിക്സ്, സ്മാർട്ട് പോർട്ട്, ഗ്രീൻ ഷിപ്പിംഗ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസനത്തിനും പരിശീലനത്തിനുമായി ഒരു 'സെന്റർ ഫോർ ലോജിസ്റ്റിക്സ് എക്സലൻസ് ആൻഡ് മാരിടൈം ഇന്നൊവേഷൻ' വിഭാവനം ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള ഐ. ടി. ഐ. കൾ, പോളിടെക്നിക്കുകൾ എന്നിവയുമായും നൈപുണ്യ വികസനത്തിൽ പങ്കാളിത്തം ഉദ്ദേശിക്കുന്നു.

മിഷൻ സമുദ്ര റൗണ്ട് ടേബിൾ കോൺഫറൻസിന്റെ സമാപനത്തിൽ, അരൂരിനെ സീഫുഡ് ഹബ്ബായി വികസിപ്പിക്കുമെന്നും, സമുദ്രോൽപ്പന്ന കയറ്റുമതിക്കും അക്വാകൾച്ചറിനും മുൻഗണന നൽകുമെന്നും, മാരിടൈം നിയമം, ലോജിസ്റ്റിക്സ് എന്നിവയിൽ അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. മിഷന്റെ ഭാഗമായ പദ്ധതികളിൽ തീരദേശ മേഖലയിലെ യുവാക്കൾക്ക് സംവരണം ഉറപ്പാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ നൈപുണ്യ വികസനം എന്ന വിഷയം ഫിഷറീസ് വകുപ്പും കോൺഫറൻസിൽ ഉന്നയിച്ചിരുന്നു. ഇങഎഞകെ, കഞഇഘഅടട, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങൾ പരിശീലന പ്രോഗ്രാമുകൾക്ക് പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്.

ചേരാനല്ലൂർ അപകടം: ജയബാലകൃഷ്ണൻെറ കുടുംബത്തെ ആശ്വസിപ്പിച്ച് മുഖ്യമന്ത്രി

കൊച്ചി: ചേരാനല്ലൂർ വാഹനാപകടത്തിൽ മരിച്ച ജയബാലകൃഷ്ണൻറെ കുടുംബത്തെ കണ്ട് ആശ്വസിപ്പിച്ച് മുഖ്യമന്ത്രി വി. ഡി. സതീശൻ. മുഖ്യമന്ത്രിക്ക് ജയബാലകൃഷ്ണൻറെ കുടുംബം നിവേദനം നൽകി. സർക്കാർ കൂടെയുണ്ടെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായി ജയബാലകൃഷ്ണൻറെ മകൾ ഭദ്രകീർത്തി മാധ്യമങ്ങളോട് പ്രതികരിച്ചു.

ആശങ്കകൾ ഒക്കെ പറഞ്ഞിട്ടുണ്ട്. അത് തന്നെയാണ് എഴുതിയും കൊടുത്തത്. ഇതുവരെ നീതി ലഭിച്ചിട്ടില്ലെന്ന് പറഞ്ഞു. സർക്കാർ എല്ലാത്തിനും കൂടെയുണ്ട് എന്ന വാക്ക് തന്നിട്ടാണ് പോയതെന്നും ഭദ്രകീർത്തി പറഞ്ഞു.

അതേസമയം, പതിനേഴുകാരൻറെ ജാമ്യം റദ്ദാക്കാനുള്ള ഹർജിയിൽ കുട്ടിയുടെ പേരുവിവരങ്ങൾ അടക്കം ഉൾപ്പെടുത്തിയതിനാൽ അപ്പീൽ ശനിയാഴ്ച പരിഗണിക്കായി മാറ്റിയിരിക്കുകയാണ്. പുതിയ അപ്പീൽ നൽകാനും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. പതിനേഴുകാരൻറെ പിതാവായ അഡീഷണൽ ജഡ്ജിയുടെ അറസ്റ്റ് ഇന്നലെ ഹൈക്കോടതി തടഞ്ഞിരുന്നു.

ഉത്തരാഖണ്ഡിലെ ഹെലികോപ്ടർ അപകടം; പൈലറ്റ് ഉൾപ്പെടെ ആറുപേർക്കും ദാരുണാന്ത്യം

ഡെഹ്റാഡൂൺ: ഉത്തരാഖണ്ഡിലെ ജോഷിമഠിന് സമീപം ഹെലികോപ്ടർ തകർന്നുവീണുണ്ടായ അപകടത്തിൽ പൈലറ്റും യാത്രക്കാരും ഉൾപ്പെടെ മുഴുവൻ പേരും മരിച്ചതായി സ്ഥിരീകരിച്ചു. ആറുപേരുടെയും മൃതദേഹങ്ങൾ കണ്ടെടുത്തതായി ചമോലി ജില്ലാ എസ്പി സുർജിത് സിംഗ് പൻവർ പറഞ്ഞു.

പൈലറ്റ് ഹിമാൻഷു സബർവാൾ (48), യാത്രക്കാരായ പ്രതാപ് (41), അരുൺ സലൂങ്കേ (44), ശങ്കർ ഗൗഡ(39), സുധീർ കെ. (49), എച്ച്. എസ്. നടരാജ് (51) എന്നിവരാണ് മരിച്ചത്. പടിഞ്ഞാറൻ ഡൽഹിയിലെ ഷാലിമാർ ബാഗിൽനിന്നുള്ളയാളാണ് ഹിമാൻഷു. യാത്രക്കാർ ബംഗളൂരു സ്വദേശികളാണെന്നാണ് വിവരം. അരുൺ പൊലിസ് സേനാംഗവും ശങ്കർ അഭിഭാഷകനുമാണ്.

ബദരീനാഥിൽനിന്ന് ഡെഹ്റാഡൂൺ ലക്ഷ്യമാക്കി ഇന്നുച്ചയ്ക്ക് 1.14-ഓടെയാണ് ട്രാൻസ് ഭാരത് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡിൻറെ ഹെലികോപ്ടർ പറന്നുയർന്നത്. ജോഷിമഠ് താഴ്വരയ്ക്ക് മുകളിലൂടെ പറക്കവേ, ഹെലികോപ്ടറുമായുള്ള ബന്ധം നഷ്ടമാവുകയായിരുന്നു. തുടർന്ന് അന്വേഷണം ആരംഭിച്ചു. പിന്നീടാണ് ഹെലികോപ്ടർ തകർന്നുവീണതായി സ്ഥിരീകരിച്ചത്.

സൈന്യത്തിൻറെയും എസ്ഡിആർഎഫിൻറെയും പൊലിസിൻറെയും സംഘങ്ങൾ സ്ഥലത്തെത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.

കുളച്ചൽ ഉൾക്കടലിൽ സംഘർഷം

ഹാൻജോ ബേബി
(ശക്തികുളങ്ങര കോസ്റ്റൽ റിപ്പോർട്ടർ)

കൊല്ലം. ഉൾക്കടലിൽ സംഘർഷം.കൊല്ലം ശക്തികുളങ്ങര ഫിഷിംഗ് ഹാർബറിൽ നിന്നും മൽസ്യബന്ധനത്തിനു പോയ അൻപതോളം ആഴക്കടൽ ട്രോളറുകലെയാണ് കുളച്ചലിൽ നിന്നും എഴുപതു നോട്ടിക്കൽ മൈൽ അകലെ ഉൾക്കടലിൽ ആക്രമിച്ചത്.തമിഴ്നാട് മുട്ടം തീരത്തുള്ള മൽസ്യത്തൊഴിലാളികൾ സംഘമായെത്തിയാണ് പുലർച്ചെ ബോട്ടുകളെ ആക്രമിച്ചത്.ബോട്ടുകളിലുണ്ടായി

രുന്ന ഉപകരണങ്ങൾ കേടുവരുത്തുകയും വലയും പിടിച്ചെടുത്ത മൽസ്യങ്ങളും കടലിലെറിയുകയും ചെയ്തു.കൊല്ലത്തു നിന്നും മൽസ്യബന്ധനത്തിനു പോയ ബോട്ടുകളിൽ ഭൂരിഭാഗവും തമിഴ്നാട് മുട്ടം കുളച്ചൽ പ്രദേശങ്ങളിൽ നിന്നുള്ളവരായിരുന്നു.പ്രാദേശികമായി മൽസ്യബന്ധനം നടത്തുന്നതു സംബന്ധിച്ചുള്ളതാണ് തർക്കം.അൻപതിലേറെ ബോട്ടുകൾ അക്രമത്തിനുരയായി.ലക്ഷങ്ങളുടെ നഷ്ടമുണ്ടെന്നുമൽസ്യത്തൊഴിലാളികൾ പറയുന്നു.നേരത്തെയും ഇത്തരത്തിൽ സംഘർഷം ഉണ്ടായിട്ടുണ്ടെന്നു.ബോട്ട് ഓപ്പറേറ്റേഴ്സ് നേതാക്കളായ പീറ്റർ മത്യാസും,രാജൂ പട്രോപ്പിയും പറഞ്ഞു.സർക്കാർ തലത്തിൽ ഇടപെട്ട് എത്രയും പെട്ടന്നു പ്രശ്നപരിഹാരം തേടുമെന്നു മന്ത്രി ഷിബു ബേബിജോൺ ഉറപ്പു നൽകിയെന്നും ഇവർ പറഞ്ഞു.തിരിച്ചെത്തിയ ബോട്ടുകൾ കോസ്റ്റൽ പോലീസിൽ പരാതി നൽകിയതിനു ശേഷം കടലിൽ പോയത് വീണ്ടും സംഘർഷ സാധ്യതയുണ്ടന്ന വിലയിരുത്തൽ തീരത്ത് ആശങ്ക പരത്തുന്നു.

സ്വകാര്യ ബസ് സമരം പിൻവലിച്ച് ഉടമകൾ

തിരുവനന്തപുരം: സ്വകാര്യ ബസ് ഉടമകൾ പ്രഖ്യാപിച്ചിരുന്ന സമരം പിൻവലിച്ചു. ഗതാഗതമന്ത്രി സി. പി. ജോണുമായി നടത്തിയ ചർച്ചയ്ക്കുശേഷമാണ് സമരം പിൻവലിക്കാൻ തീരുമാനമായത്. സ്വകാര്യ ബസുകൾ കെഎസ്ആർടിസി വെറ്റ് ലീസിൽ എടുക്കാനും, പത്മകുമാർ കമ്മീഷൻ റിപ്പോർട്ട് നിയമോചിതമായി നടപ്പിലാക്കാനും ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. അതേസമയം, ബസ് ചാർജ് വർധനവ്, വിദ്യാർഥി കൺസെഷൻ നിരക്ക് എന്നിവ വർധിപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുക്കാൻ കഴിയില്ലെന്ന് മന്ത്രി ബസ് ഉടമകളെ അറിയിച്ചു.

കെഎസ്ആർടിസി പ്രിയദർശിനി പദ്ധതിയെക്കുറിച്ചും പ്രിയദർശിനി സർവീസുകളുമായി ബന്ധപ്പെട്ട് സ്വകാര്യ ബസ് ഉടമകളുടെ ആവശ്യങ്ങൾ പഠിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്രത്യേക കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്.

2027 ലെ സർക്കാർ കലണ്ടർ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു.



കേരളത്തിന്റെ വ്യവസായ ചരിത്രത്തിൽ പുതിയ അധ്യായം; 'സരൾ കേരളം' ബില്ലിന് നിയമസഭയുടെ അംഗീകാരം

കേരളത്തെ കൂടുതൽ നിക്ഷേപസൗഹൃദവും സംരംഭകസൗഹൃദവുമാക്കുന്നതിനുള്ള നിർണായക ചുവടുവെപ്പായി വ്യവസായ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച 'സരൾ കേരളം' ബില്ലിന് നിയമസഭയുടെ അംഗീകാരം. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനാവശ്യ കാലതാമസവും ഉദ്യോഗസ്ഥതലത്തിലെ നൂലാമാലകളും കുറച്ച്, സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് പുതിയ വേഗം പകരാൻ ലക്ഷ്യമിടുന്ന ബിൽ കേരളത്തിന്റെ വികസന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്.

വ്യവസായ നിക്ഷേപകർ വർഷങ്ങളായി നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് വിവിധ അനുമതികൾക്കും നടപടിക്രമങ്ങൾക്കുമായി ഓഫീസുകൾ കയറിയിറങ്ങേണ്ടിവരുന്നതും ഫയലുകൾ അനാവശ്യമായി വൈകുന്നതും. ഇത്തരം തടസ്സങ്ങൾ മൂലം സംരംഭകർക്ക് സാമ്പത്തിക നഷ്ടം നേരിടുകയും പല നിക്ഷേപ പദ്ധതികളും ഉപേക്ഷിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യം മാറ്റിയെടുക്കുകയാണ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം, വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളിൽ 75 ദിവസത്തിനുള്ളിൽ അന്തിമ തീരുമാനം ഉറപ്പാക്കുന്നതിനുള്ള സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. ഇതിലൂടെ അനുമതി നടപടികളിൽ കൂടുതൽ വേഗവും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ശക്തിപ്പെടുത്താനും ബിൽ സഹായകമാകും. വലിയ വ്യവസായ സംരംഭങ്ങൾക്കൊപ്പം ചെറുകിട സംരംഭകർക്കും യുവസംരംഭകർക്കും കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നോട്ടു വരാനുള്ള സാഹചര്യം ഒരുക്കുന്നതും ഇതിന്റെ പ്രധാന നേട്ടമാണ്. വ്യവസായ വികസനത്തിന് അനുകൂലമായ നയങ്ങൾ രൂപപ്പെടുത്തുന്നതിനൊപ്പം അവ പ്രായോഗികമായി നടപ്പാക്കുന്നതിനും സർക്കാർ മുൻഗണന നൽകുന്നതിന്റെ തെളിവാണ് ഈ നിയമനിർമാണം. നിക്ഷേപകരെ സംശയത്തോടെ കാണുന്ന സമീപനത്തിനു പകരം, നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സംരംഭങ്ങൾ ആരംഭിക്കാൻ ആവശ്യമായ പിന്തുണ നൽകുന്ന ഭരണസംവിധാനത്തിലേക്കുള്ള മാറ്റമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ മാനവവിഭവശേഷിയും അടിസ്ഥാനസൗകര്യങ്ങളും പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്ക് പുതിയ കരുത്ത് പകരുന്നതാണ് 'സരൾ കേരളം'. പ്രഖ്യാപനങ്ങളിൽ ഒതുങ്ങാതെ വ്യവസായ സൗഹൃദ അന്തരീക്ഷം നിയമപരമായി ശക്തിപ്പെടുത്തുന്ന ഈ നീക്കം, വികസിതവും തൊഴിൽസമൃദ്ധവുമായ കേരളത്തിലേക്കുള്ള യാത്രയിൽ നിർണായക ചുവടുവെപ്പായി മാറുമെന്നാണ് പ്രതീക്ഷ.

കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കതിര് കാർഷിക ക്ലബ്ബ് പദ്ധതിയുടെ ലോഗോ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ ടി സിദ്ദിഖ്, പി കെ കുഞ്ഞാലിക്കുട്ടി, എൻ ഷംസുദ്ദീൻ എന്നിവർ സമീപം.

കതിര്"; കാർഷിക ക്ലബ്ബിന്റെ ഔദ്യോഗിക ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

ലോഗോ മത്സരത്തിൽ വിജയിയായി കണ്ണൂർ അണിയാരം കാടാങ്കുനി യു. പി. സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥി ധ്യാൻ കൃഷ്ണ കെ

വിദ്യാർഥികളിൽ കൃഷിയോടുള്ള താത്പര്യം വർധിപ്പിക്കുകയും കാർഷിക അറിവും സംസ്കാരവും പുതുതലമുറയിലേക്ക് പകരുകയുമെന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന 'കതിര്' കാർഷിക ക്ലബ്ബിന്റെ ഔദ്യോഗിക ലോഗോ മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്തു. പദ്ധതിയുടെ പ്രചാരണാർഥം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിദ്യാർഥികളിൽനിന്ന് ക്ഷണിച്ച ലോഗോ ഡിസൈനുകളിൽനിന്നാണ് ഔദ്യോഗിക ലോഗോ തിരഞ്ഞെടുത്തത്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തിയ വിധിനിർണയത്തിൽ കണ്ണൂർ അണിയാരം കാടാങ്കുനി യു.പി. സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥി ധ്യാൻ കൃഷ്ണ കെ. വിജയിയായി. വിജയിക്ക് പ്രഖ്യാപിച്ച 10,000 രൂപയുടെ ക്യാഷ് അവാർഡ് 'കതിര്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ കൈമാറും.

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 500 സ്കൂളുകളിൽ നടപ്പാക്കുന്ന 'കതിര്' കാർഷിക ക്ലബ് പദ്ധതി അടുത്ത അധ്യയന വർഷം സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. വിദ്യാർഥികളെ കാർഷിക പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളാക്കുന്നതിലൂടെ കൃഷിയോടുള്ള പുതുതലമുറയുടെ സമീപനത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കാനും ഭാവിയിൽ കാർഷിക മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കാനും പദ്ധതി വഴിയൊരുക്കും.

സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ്, വ്യവസായ വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ, മുഖ്യമന്ത്രിയുടെ അഡീഷണൽ സെക്രട്ടറി എൻ.എസ്.കെ. ഉമേഷ്, കൃഷിവകുപ്പ് ഡയറക്ടർ അർജുൻ പാണ്ഡ്യൻ, കൃഷി അഡിഷണൽ ഡയറക്ടർ രജനി മുരളീധരൻ തുടങ്ങിയവരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

വനിതാനയ സമ്മിറ്റ് നവംബർ രണ്ട്, മൂന്ന് തീയതികളിൽ

പുതുയുഗ വനിതാനയം മാർച്ച് എട്ടിന് പ്രഖ്യാപിക്കും

ബജറ്റിൽ പ്രഖ്യാപിച്ച 'മകൾക്കൊപ്പം; പദ്ധതിയുടെ ഭാഗമായി 'പുതുയുഗ വനിതാ നയം- ഹെർ സമ്മിറ്റ് 2026' എന്ന പേരിൽ വനിതാനയ സമ്മിറ്റ് നവംബർ രണ്ട്, മൂന്ന് തീയതികളിൽ തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ സംഘടിപ്പിക്കുമെന്ന് വനിതാശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. സർക്കാരിന്റെ പുതുയുഗ വനിതാനയം മാർച്ച് എട്ടിന് പ്രഖ്യാപിക്കാനാണ് ലക്ഷ്യമെന്നും പിആർ ചേംബറിൽ സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു. സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ശാക്തീകരണം ഉറപ്പാക്കി സമത്വാധിഷ്ഠിതവും സുരക്ഷിതവും പുരോഗമനപരവുമായ കേരളം സൃഷ്ടിക്കുകയാണ് വനിതാനയത്തിന്റെ ലക്ഷ്യം. നിലവിലെ നയങ്ങളും അവയുടെ നിർവഹണവും വിലയിരുത്തി കാലോചിതമായ പരിഷ്കാരങ്ങൾക്കും ഇടപെടലുകൾക്കുമുള്ള നിർദേശങ്ങൾ രൂപപ്പെടുത്തും.

തൊഴിൽ സാമ്പത്തിക ശാക്തീകരണവും സംരംഭകത്വവും, രാഷ്ട്രീയ പ്രാതിനിധ്യവും നേതൃത്വവും, വിദ്യാഭ്യാസം-ആരോഗ്യം-മാനസികക്ഷേമം, സ്ത്രീ സുരക്ഷയും നീതിന്യായവും, സൈബർ സുരക്ഷ എന്നിവയാണ് ശില്പശാലയിലെ പ്രധാന ചർച്ചാവിഷയങ്ങൾ. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർധിപ്പിക്കുക, തുല്യവേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുക, വനിതാ സംരംഭകത്വവും ഡിജിറ്റൽ തൊഴിൽസാധ്യതയും പ്രോത്സാഹിപ്പിക്കുക, രാഷ്ട്രീയ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകും. ആരോഗ്യ-വിദ്യാഭ്യാസ അവകാശങ്ങൾ, മാനസികക്ഷേമം, അതിക്രമങ്ങൾക്കെതിരായ നിയമസംരക്ഷണം, സൈബർ കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയ മേഖലകളിലും പ്രായോഗിക നിർദേശങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യും.

വിവിധ മേഖലകളിലെ വിഷയവിദഗ്ധർ, സർക്കാർ പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അക്കാദമികഗവേഷണ മേഖല, സിവിൽ സമൂഹം, യുവജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ തുടർചർച്ചകളും സംഘടിപ്പിക്കും. അഭിപ്രായങ്ങളും നിർദേശങ്ങളും കൂടി പരിഗണിച്ച് നയരൂപീകരണം കൂടുതൽ ജനകീയവും സമഗ്രവുമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി അറിയിച്ചു.ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ത്രീശാക്തീകരണം, തൊഴിൽപങ്കാളിത്തം, സുരക്ഷ, ആരോഗ്യം, നിയമപരമായ പരിഷ്കരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നയശുപാർശ തയ്യാറാക്കും.

നിർദേശങ്ങൾ പ്രായോഗികമായി നടപ്പാക്കുന്നതിന് ഉത്തരവാദപ്പെട്ട സ്ഥാപനങ്ങൾ, സമയപരിധികൾ, പുരോഗതി വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ എന്നിവ ഉൾപ്പെടുത്തിയ പ്രവർത്തനരേഖയും രൂപപ്പെടുത്തും. തുടർചർച്ചകളിലൂടെ നിർദേശങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വനിതാനയത്തിന് അന്തിമരൂപം നൽകി മാർച്ച് എട്ടിന് പ്രഖ്യാപിക്കുകയുമാണ് ലക്ഷ്യം.

വനിതാശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, വകുപ്പ് ഡയറക്ടർ വി. വിഘ്നേശ്വരി എന്നിവർ പങ്കെടുത്തു.

കൊച്ചി ചെല്ലാനം കടൽ തീരസംരക്ഷണ പദ്ധതി; 464 കോടി രൂപയുടെ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകാൻ മന്ത്രിസഭാ തീരുമാനം: മന്ത്രി അഡ്വ. മോൻസ് ജോസഫ്

കൊച്ചി ചെല്ലാനം തീരദേശ മേഖലയുടെ സംരക്ഷണത്തിനും കടലാക്രമണ പ്രതിരോധത്തിനും വേണ്ടി 464 കോടി രൂപയുടെ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകാൻ മുഖ്യമന്ത്രി വി. ഡി. സതീശന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചതായി ജലവിഭവ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് അറിയിച്ചു. രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊച്ചി ചെല്ലാനം തീര സംരക്ഷണം രണ്ടാം ഘട്ടത്തിൽ 6.1 കി.മീറ്റർ ദൂരത്തിൽ ടെട്രാപോഡ് സംരക്ഷണത്തോടു കൂടിയ കടൽഭിത്തി പുനർ നിർമ്മാണമാണ് പ്രധാനമായും നടപ്പാക്കുന്നത്. ഇതുകൂടാതെ കേടുപാട് സംഭവിച്ച് താഴ്ന്നു പോയ കടൽഭിത്തികളുടെ പുനർ നിർമ്മാണം, ബസാർ പുലിമുട്ട് പ്രവൃത്തികൾ, ആർ.സി.സി. നടപ്പാത, സിവിൽ പ്രവൃത്തികൾ, യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കൽ, വൈദ്യുതീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നിവയും നടപ്പിലാക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെല്ലാനം തീരമേഖലയ്ക്ക് 20.90 കി.മീറ്റർ നീളമുണ്ട്. ഇതിൽ കടലിനോട് ചേർന്ന് ആയിരത്തോളം വീടുകൾ ഉണ്ട്. ഭൂസ്വത്തുക്കളുടെ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഈ പദ്ധതി വളരെ സഹായകമാകും. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ തീരശോഷണം നേരിടുന്ന ഹോട്ട്സ്പോട്ടുകളിൽ ഒന്നാണ് ചെല്ലാനം. ഏകദേശം 60 വർഷം പഴക്കമുള്ള കടൽഭിത്തികളും പുലിമുട്ടുകളും ഇവിടെ പലയിടങ്ങളിലും ജീർണാവസ്ഥയിലുള്ളതുമാണ്. 6.64 കി.മീറ്റർ കടൽഭിത്തിയും 0.66 കി.മീറ്റർ നീളത്തിൽ 6 പുലിമുട്ടുകളും ഉൾപ്പെടെ 7.30 കി.മീറ്റർ ദൈർഘ്യമുള്ള ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. 6.1 കി.മീറ്റർ ദൈർഘ്യമുള്ള ഇപ്പോൾ നടപ്പാക്കുന്ന രണ്ടാംഘട്ട ഭാഗം കൂടി സംരക്ഷിക്കുന്നതിലൂടെ ചെല്ലാനം മേഖലയിലെ തീരശോഷണം പരിഹരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു.ഒക്ടോബർ 31 രാവിലെ 10 മണിക്ക് കൊച്ചി ചെല്ലാനത്ത് മുഖ്യമന്ത്രി വി. ഡി. സതീശൻ തീരസംരക്ഷണ പദ്ധതി രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കും. സമ്മേളനത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് വേണ്ടി മുഹമ്മദ്ഷിയാസ് എം.എൽ.എ. ജനറൽ കൺവീനറായുള്ള സംഘാടക സമിതി പ്രവർത്തനം ആരംഭിച്ചു. യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് അധ്യക്ഷത വഹിക്കും. മന്ത്രിമാരായ റോജി എം. ജോൺ, അബ്ദുൾ ഗഫൂർ, അനൂപ് ജേക്കബ്, ഹൈബി ഈഡൻ എം.പി., മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

'വോക്ക് ഫോർ ബ്രെയിൻ' വാക്കത്തോൺ സംഘടിപ്പിച്ചു

മന്ത്രി കെ മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്തു

ലോക പക്ഷാഘാത ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച 'വോക്ക് ഫോർ ബ്രെയിൻ' വാക്കത്തോൺ തിരുവനന്തപുരം മാനവീയം വീഥിയിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്തു.

രോഗം വരാതെ സൂക്ഷിക്കുകയാണ് പ്രധാനം എന്ന കാഴ്ചപ്പാടിലാണ് ഹൃദയരാഗം പദ്ധതി സർക്കാർ പ്രഖ്യാപിച്ചതെന്ന് മന്ത്രി പറഞ്ഞു. ആദ്യ ഘട്ടത്തിൽ വട്ടിയൂർക്കാവ്, ഇടുക്കി, നിലമ്പൂർ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതി വൈകാതെ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കും. ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി രോഗനിർണയ പരിശോധന നടത്തുന്നതാണ് പദ്ധതി. ദീർഘകാല രോഗങ്ങൾ തുടക്കത്തിൽ കണ്ടെത്തി മികച്ച ചികിത്സ ഉറപ്പാക്കുകയാണ് ലക്ഷ്യം. മെഡിക്കൽ ക്യാമ്പുകളിൽ ചെന്ന് പരിശോധന നടത്താൻ പലപ്പോഴും പൊതുജനങ്ങൾക്ക് മടിയാണ്. അതുകൊണ്ടാണ് വീടുകളിലെത്തി പരിശോധിക്കുന്നത്. കാൻസർ പോലുള്ള മാരക രോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽ കണ്ടുപിടിച്ചാൽ ചികിത്സിച്ച് ഭേദമാക്കാനാകും. കൃത്യമായ ചികിത്സയും ജീവിതശൈലി മാറ്റങ്ങൾ കൊണ്ടും പലരോഗങ്ങളും തടയാനാകുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

ഹൃദയരാഗം കാമ്പയിൻ ലോഗോ മന്ത്രി പ്രകാശനം ചെയ്തു. ഹൃദയരാഗം പോസ്റ്റർ പ്രകാശനം മന്ത്രി കെ മുരളീധരനൊപ്പം എംഎൽഎമാരായ ആര്യാടൻ ഷൗക്കത്ത്, എം ആർ ബൈജു, റോയ് കെ പൗലോസ്, കേരളം ചലച്ചിത്ര അക്കാദമി വൈസ് ചെയർപേഴ്സൺ പ്രിയങ്ക നായർ, ആരോഗ്യ വകുപ്പ് ഡയറക്ടർ വി മീനാക്ഷി എന്നിവർ ചേർന്ന് നിർവഹിച്ചു.

ലോക പക്ഷാഘാത ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച 'വോക്ക് ഫോർ ബ്രെയിൻ' വാക്കത്തോൺ തിരുവനന്തപുരം മാനവീയം വീഥിയിൽ മന്ത്രി കെ മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു

മലയാളി മങ്ക - കേരള ശ്രീമാൻ ഗ്രാൻഡ് ഫിനാലെ ടെക്നോപാർക്കിൽനവംബർ ഒന്നിന്

25 ഫൈനലിസ്റ്റുകൾ മാറ്റുരയ്ക്കും

തിരുവനന്തപുരം : ഐടി മേഖലയിലെ സാംസ്കാരിക പ്രൗഢിയും സർഗ്ഗാത്മകതയും ഒത്തുചേരുന്ന സൗന്ദര്യ-പ്രതിഭാ മത്സരമായ ' മലയാളി മങ്ക- കേരള ശ്രീമാൻ (എംഎംകെഎസ്)' ഗ്രാൻഡ് ഫിനാലെയ്ക്ക് നവംബർ ഒന്നിന് ടെക്നോപാർക്ക് വേദിയാകും.ഐടി ജീവനക്കാർക്കായി ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 6 മണി വരെ ടെക്നോപാർക്ക് ഫേസ് 1-ലെ ട്രാവൻകൂർ ഹാളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. കേരളത്തനിമയും പാരമ്പര്യവും സംസ്കാരവും ക്രിയാത്മകതയും ഐടി ജീവനക്കാരുടെ വ്യക്തിത്വവും ആഘോഷമാക്കുന്ന മത്സരത്തിൻറെ 11-ാം പതിപ്പാണിത്. ഐടി ജീവനക്കാരുടെ ഓൺലൈൻ മാധ്യമ കൂട്ടായ്മയായ 'ടെക്നോപാർക്ക് ടുഡേ' ആണ് പരിപാടിയുടെ സംഘാടകർ.

ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് തുടങ്ങി കേരളത്തിലെ പ്രധാന ഐടി പാർക്കുകളിൽ നിന്നായി അറുന്നൂറോളം പേരാണ് ഇത്തവണത്തെ മത്സരത്തിൽ പങ്കെടുത്തത്. മൂന്ന് ഘട്ടങ്ങളിലായി നടന്ന സ്ക്രീനിംഗിനും തെരഞ്ഞെടുപ്പുകൾക്കും ശേഷമാണ് 25 പേർ അവസാന റൗണ്ടിലേക്ക് യോഗ്യത നേടിയത്. ഈ ഫൈനലിസ്റ്റുകളാണ് നവംബർ ഒന്നിന് മലയാളി മങ്ക, കേരള ശ്രീമാൻ 2026 കിരീടങ്ങൾക്കായി മാറ്റുരയ്ക്കുന്നത്.

ബെസ്റ്റ് മലയാളം (മികച്ച ഭാഷാശേഷി), ബെസ്റ്റ് ഔട്ട്ഫിറ്റ് (മികച്ച വസ്ത്രധാരണം), ബെസ്റ്റ് ക്രിയേറ്റർ (മികച്ച സർഗാത്മക അവതരണം) തുടങ്ങി വിവിധ സബ് ടൈറ്റിൽ പുരസ്കാരങ്ങളും വിജയികളെ കാത്തിരിക്കുന്നു.

വർഷങ്ങളായി കേരളത്തിലെ ഐടി സമൂഹത്തിൻറെ പ്രമുഖ സാംസ്കാരിക വേദി കൂടിയായി മാറിയ മലയാളി മങ്ക - കേരള ശ്രീമാൻ മത്സരം, ജോലിത്തിരക്കുകൾക്കിടയിലും ഐടി ജീവനക്കാരുടെ സർഗ്ഗാത്മകതയും കേരളീയ വ്യക്തിത്വവും പ്രകടിപ്പിക്കാനുള്ള മികച്ച അവസരം ഒരുക്കുന്നു.

കെഎസ് യുഎം സ്റ്റാർട്ടപ്പായ 'കാർബെലിം' ഐഐടി മദ്രാസ് ഡീപ്-ടെക് ഫണ്ടിൽ നിന്ന് 10 കോടി രൂപ സമാഹരിച്ചു

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷന് (കെഎസ് യുഎം) കീഴിൽ പ്രവർത്തിക്കുന്ന ഡീപ്ടെക് സ്റ്റാർട്ടപ്പായ 'കാർബെലിമി'ന് ഐഐടി മദ്രാസിൻറെ 'യൂണികോൺ ഫ്രോണ്ടിയർ ഫണ്ടി'ൽ നിന്ന് 10 കോടി രൂപയുടെ നിക്ഷേപം ലഭിച്ചു. ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ, ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി. കാമകോടി എന്നിവർ ചേർന്ന് കമ്പനി പ്രതിനിധികൾക്ക് തുക കൈമാറി.

ഐഐടി മദ്രാസ് റിസേർച്ച് പാർക്കും യൂണികോൺ ഇന്ത്യ വെഞ്ചേഴ്സും സംയുക്തമായി രൂപീകരിച്ച യൂണികോൺ ഫ്രോണ്ടിയർ ഫണ്ടിൽ നിന്ന് ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ നാല് ഡീപ്-ടെക് കമ്പനികളിൽ ഒന്നാണ് കാർബെലിം. ഈ ഫണ്ടിൽ നിന്ന് നിക്ഷേപം നേടുന്ന കേരളത്തിലെ ആദ്യ സ്റ്റാർട്ടപ്പ് എന്ന ഖ്യാതിയും കാർബെലിം സ്വന്തമാക്കി.

ഡോ. കാർത്തിക ഗോപി, രാഹുൽ ബാബു എന്നിവരാണ് കമ്പനിക്ക് നേതൃത്വം നൽകുന്നത്. അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡ് വലിച്ചെടുക്കുന്ന ബയോ-ഇൻറഗ്രേറ്റഡ് കാർബൺ ക്യാപ്ചർ, വായു ശുദ്ധീകരണ സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കുന്ന ക്ലൈമറ്റ്-ടെക് മേഖലയിലെ മുൻനിര സ്റ്റാർട്ടപ്പാണ് കാർബെലിം. കമ്പനിയുടെ സാങ്കേതികവിദ്യയ്ക്ക് 13 പേറ്റൻറുകൾ (7 യു.എസ്. പേറ്റൻറുകളും 6 ഇന്ത്യൻ പേറ്റൻറുകളും) ലഭിച്ചിട്ടുണ്ട്.

കാർബെലിമിൻറെ ഈ നേട്ടം കേരളത്തിലെ ഡീപ്-ടെക് സ്റ്റാർട്ടപ്പ് മേഖലയ്ക്ക് ലഭിക്കുന്ന വലിയ അംഗീകാരമാണെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് പി. അംബിക പറഞ്ഞു. സംസ്ഥാനത്ത് വളർച്ചയുടെ പാതയിലുള്ള ഡീപ്-ടെക് സ്റ്റാർട്ടപ്പുകളുടെ സാധ്യതകൾ അന്താരാഷ്ട്ര തലത്തിൽ തിരിച്ചറിയപ്പെടാൻ ഇത്തരം ധനസഹായങ്ങൾ വഴിയൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐഐടി മദ്രാസ് നേത്രത്വം നൽകുന്ന ഫ്രോണ്ടിയർ ഫണ്ട് ലഭിച്ചത് കമ്പനിയുടെ വളർച്ചായാത്രയിലെ സുപ്രധാന നാഴികക്കല്ലാണെന്ന് കാർബെലിം സിഇഒ ഡോ. കാർത്തിക ഗോപി പറഞ്ഞു. നിലവിൽ ശാസ്ത്രജ്ഞരും എൻജിനീയർമാരും ഉൾപ്പെടെ 42 പ്രധാന ജീവനക്കാർ കമ്പനിയിലുണ്ട്. പുതിയ ധനസഹായം ലഭ്യമായതോടെ അൻപതിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനതിനൊപ്പം കമ്പനിയുടെ വിറ്റുവരവ് 100 കോടി രൂപയായി ഉയർത്താനും ലക്ഷ്യമിടുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻറെ പിന്തുണയും മാർഗനിർദേശങ്ങളും ഇടപെടലുകളുമാണ് ഈ നേട്ടത്തിന് പിന്നിലെന്നും അവർ കൂട്ടിച്ചേർത്തു.

1,000 കോടി രൂപ ലക്ഷ്യമിട്ട് ആരംഭിച്ച ഈ ഡീപ്-ടെക് ഫണ്ടിൻറെ ആദ്യ ഘട്ടത്തിൽ 450 കോടി രൂപയാണ് സമാഹരിച്ചത്. ഇതിൽ നിന്ന് കാർബെലിം ഉൾപ്പെടെയുള്ള ആദ്യ നാല് ഡീപ്-ടെക് സ്റ്റാർട്ടപ്പുകൾക്കായി ഏകദേശം 55 കോടി രൂപ അനുവദിച്ചു. ഡീപ് ക്ലൈമറ്റ്-ടെക് മേഖലയിൽ പുതിയ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ഈ ധനസഹായം വലിയൊരു പ്രചോദനമാകും.

ഐഐടി മദ്രാസിൻറെ യൂണികോൺ ഫ്രോണ്ടിയർ ഫണ്ടിൻറെ ചെക്ക് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ, ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി. കാമകോടി എന്നിവരിൽ നിന്ന് 'കാർബെലിം' കമ്പനി പ്രതിനിധികളായ ഡോ. കാർത്തിക ഗോപി, രാഹുൽ ബാബു എന്നിവർ ഏറ്റുവാങ്ങുന്നു. ഭാസ്കർ മജുംദാർ (ഫൗണ്ടർ ആൻ്റ് മാനേജിംഗ് പാർട്ണർ, യൂണികോൺ ഇന്ത്യ വെഞ്ചേഴ്സ്), രതുൻ ലാഹിരി (സീനിയർ സ്ട്രാറ്റജിക് അഡ്വൈസർ, യൂണികോൺ ഇന്ത്യ വെഞ്ചേഴ്സ്), അനിൽ ജോഷി (ഫൗണ്ടർ ആൻ്റ് മാനേജിംഗ് പാർട്ണർ, യൂണികോൺ ഇന്ത്യ വെഞ്ചേഴ്സ്) എന്നിവർ സമീപം.

ഡെപ്യൂട്ടേഷൻ നിയമനം

തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസറുടെ ഡെപ്യൂട്ടേഷൻ നിയമനത്തിന് പൊതുമരാമത്ത്/ മോട്ടോർ വെഹിക്കിൾസ് വകുപ്പിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യമുള്ള സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ബയോഡാറ്റയും സേവന വിവരങ്ങളും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ബന്ധപ്പെട്ട മേലധികാരി മുഖേന 15 ദിവസത്തിനകം ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം വിലാസത്തിൽ ലഭ്യമാക്കണം

ഡെപ്യൂട്ടേഷൻ നിയമനം: തീയതി നീട്ടി

കോരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ ഓഫീസിലെ യു.ഡി. ക്ലാർക്ക് തസ്തികയിൽ (35,60075,400) ഡെപ്യൂട്ടേഷൻ നിയമനത്തിനുള്ള അപേക്ഷ തീയതി നവംബർ 10 വൈകിട്ട് അഞ്ചുവരെ നീട്ടി. സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന യോഗ്യരായ ജീവനക്കാർക്ക് അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാം. വിവരങ്ങൾക്ക്: www.medicalcouncil.kerala.gov.in.

സിറ്റിംഗ്

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും ഇൻഷൂറൻസ് കോടതി ജഡ്ജിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ നവംബർ 2, 3, 9, 10, 16, 17, 23, 24, 30 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 6, 12 തീയതികളിൽ പെരിന്തൽമണ്ണ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 20, 27 തീയതികളിൽ മഞ്ചേരി മാധവൻ നായർ സ്മാരക മന്ദിരം, പഴയ മുൻസിപ്പൽ ഓഫീസ് ഹാളിലും തൊഴിൽ തർക്ക കേസുകളും ഇൻഷൂറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.

മെറിറ്റ് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാം

2023 – 24 വർഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്, മ്യൂസിക്, സംസ്കൃത കോളജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്മെന്റുകളിലും ബിരുദ കോഴ്സുകളിൽ ഒന്നാം വർഷ ക്ലാസ്സിൽ പ്രവേശനം നേടി, സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർഥികളിൽ നിന്നും 2026–27 വർഷത്തെ പി ജി ഒന്നാം വർഷ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് പുതുക്കൽ അപേക്ഷ ക്ഷണിച്ചു.

അവസാന തീയതി നവംബർ 30. വിവരങ്ങൾക്ക്: collegiateedu.kerala.gov.in, www.dcescholarship.kerala.gov.in, 9446780308.

മോഹൻലാലിന്റെ 368-ാം ചിത്രം പ്രഖ്യാപിച്ചു

സംവിധാനം അനൂപ് സത്യൻ; നിർമ്മാണം ബിനു ജോർജ് അലക്സാണ്ടർ പ്രതീക്ഷയേറ്റി ഫസ്റ്റ് ലുക്ക്.

മലയാള സിനിമയിൽ മറ്റൊരു ശ്രദ്ധേയ കൂട്ടുകെട്ടിന് തുടക്കമാകുന്നു. മോഹൻലാലിനെ നായകനാക്കി സത്യൻ അന്തിക്കാടിന്റെ മകൻ അനൂപ് സത്യൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന് കൊച്ചിയിൽ പൂജയോടെ തുടക്കമായി. മോഹൻലാലിന്റെ 368–ാമത്തെ ചിത്രമെന്ന പ്രത്യേകതയുള്ള സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്ററും പുറത്തുവിട്ടിട്ടുണ്ട്. ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസ് ആശീർവാദ് സിനിമാസ് എന്നീ ബാനറിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ നിർമ്മാണം നിർവ്വഹിക്കുന്നത് ബിനു ജോർജ് അലക്സാണ്ടർ ആണ്. മോഹൻലാലും അനൂപ് സത്യനും ആദ്യമായി ഒന്നിക്കുന്ന സിനിമയെന്ന നിലയിൽ പ്രഖ്യാപന സമയം മുതൽ തന്നെ പ്രേക്ഷകശ്രദ്ധ നേടിയിരുന്നു. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പതിവ് താരചിത്രങ്ങളിൽനിന്ന് വ്യത്യസ്തമാണ്. കടലും കായലും പച്ചപ്പും അതിനിടയിലൂടെ നീണ്ടുപോകുന്ന തീരദേശപാതയുമാണ് പോസ്റ്ററിന്റെ പ്രധാന പശ്ചാത്തലം. മുൻഭാഗത്ത് മോഹൻലാലിനൊപ്പം രണ്ട് പെൺകുട്ടികളെയും കാണാം. കുട്ടികൾക്കൊപ്പം സന്തോഷത്തോടെ സമയം ചെലവിടുന്ന മോഹൻലാലും നിറമുള്ള കടലാസ് രൂപങ്ങളും ചിത്രത്തിന് വ്യത്യസ്തമായൊരു ഭാവം നൽകുന്നു. പോസ്റ്ററിലെ കടലും തീരദേശപാതയും ഒരു യാത്രയുടെ ദൃശ്യാനുഭവം സൃഷ്ടിക്കുമ്പോൾ കുട്ടികളുടെ സാന്നിധ്യം കുടുംബബന്ധങ്ങളുടെയും ബാല്യത്തിന്റെയും നിഷ്കളങ്കതയുടെയും സാധ്യതകളിലേക്ക് പ്രേക്ഷകരുടെ ശ്രദ്ധ ക്ഷണിക്കുന്നു. മോഹൻലാലിന്റെ കഥാപാത്രം കുട്ടികളുമായി

അടുത്ത ബന്ധം പുലർത്തുന്ന ഒരാളായിരിക്കുമോ തീരദേശ പശ്ചാത്തലത്തിൽ നടക്കുന്ന കുടുംബകഥയാണോ അതോ നർമവും വൈകാരികതയും ത്രില്ലറും കലരുന്ന മറ്റൊരു ലോകമാണോ അനൂപ് ഒരുക്കുന്നത് പോസ്റ്റർ ഇത്തരം ചോദ്യങ്ങൾ ഉയർത്തുന്നുണ്ടെങ്കിലും കഥയുടെ വിശദാംശങ്ങൾ പുറത്തുവന്നിട്ടില്ല. ചിത്രം ഒരു കോമഡി ആക്ഷൻ ത്രില്ലറായിരിക്കുമെന്നും അതിനുള്ളിൽ വൈകാരികമായൊരു പ്രമേയമുണ്ടാകുമെന്നും അനൂപ് സത്യൻ നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പോസ്റ്ററിലെ ശാന്തവും മനോഹരവുമായ ദൃശ്യലോകത്തിന് പിന്നിൽ മറ്റൊരു സിനിമാനുഭവം ഒളിഞ്ഞിരിക്കുന്നുണ്ടാകുമെന്ന പ്രതീക്ഷയുമുണ്ട്. അനൂപ് സത്യന്റെ സംവിധാനത്തിലെത്തുന്ന രണ്ടാമത്തെ ചിത്രമാണിത്. 2020–ൽ പുറത്തിറങ്ങിയ 'വരനെ ആവശ്യമുണ്ട്' ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യ സിനിമ. ദുൽഖർ സൽമാൻ, ശോഭന, സുരേഷ് ഗോപി, കല്യാണി പ്രിയദർശൻ എന്നിവർ പ്രധാന കഥാപാത്രങ്ങളായെത്തിയ ചിത്രം കുടുംബബന്ധങ്ങളും പ്രണയവും നർമവും വൈകാരികതയും ചേർത്തുള്ള അവതരണത്തിലൂടെ ശ്രദ്ധ നേടി. വർഷങ്ങൾക്കുശേഷം ശോഭനയും സുരേഷ് ഗോപിയും ഒന്നിച്ചെത്തിയതും ചിത്രത്തിന് വലിയ പ്രേക്ഷകശ്രദ്ധ നേടിക്കൊടുത്തു. വ്യത്യസ്ത തലമുറകളുടെ പ്രണയവും കുടുംബജീവിതവും അവതരിപ്പിച്ച രീതിയും പഴയകാല മലയാള സിനിമയുടെ ഊഷ്മളതയും പുതിയ തലമുറയുടെ കാഴ്ചപ്പാടും ചേർത്തുള്ള അവതരണവും ചിത്രത്തിന്റെ ആകർഷണങ്ങളായിരുന്നു. തീയേറ്ററുകളിലും മികച്ച പ്രതികരണം നേടിയ ചിത്രം അനൂപിന് സംവിധായകനെന്ന നിലയിൽ ശക്തമായ തുടക്കമാണ് നൽകിയത്. ആദ്യ സിനിമയ്ക്കുശേഷം ആറ് വർഷത്തെ ഇടവേള കഴിഞ്ഞാണ് അനൂപ് പുതിയ ചിത്രവുമായി എത്തുന്നത്. ഇടവേളയ്ക്കുശേഷം മോഹൻലാലിനെപ്പോലൊരു വലിയ താരത്തെ നായകനാക്കി സിനിമ ചെയ്യാൻ തീരുമാനിച്ചതും പ്രേക്ഷകർക്കിടയിൽ കൗതുകമുണ്ടാക്കുന്നു. മോഹൻലാലിനുവേണ്ടി ഏറെ ക്കാലമായി കാത്തുവച്ചിരുന്ന കഥയാണിതെന്നും തിരക്കഥ കേട്ടപ്പോൾ നടന് ഇഷ്ടപ്പെട്ട വ്യത്യസ്തമായ ഘടകമാണ് സിനിമ വേഗത്തിൽ മുന്നോട്ടുപോകാൻ കാരണമായതെന്നും അനൂപ് നേരത്തേ വെളിപ്പെടുത്തിയിരുന്നു. ചിത്രത്തിന്റെ സാങ്കേതികസംഘവും ശ്രദ്ധേയമാണ്. 'ഭ്രമയുഗം' ഉൾപ്പെടെയുള്ള ചിത്രങ്ങളിലൂടെ ശ്രദ്ധ നേടിയ ഷെഹനാദ് ജലാൽ ഐ.എ സ്.സി. ഛായാഗ്രഹണം നിർവഹിക്കുന്നു. 'തുടരും' ഉൾപ്പെടെയുള്ള ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ജേക്സ് ബിജോയ് സംഗീതസംവിധാനം നിർവഹിക്കുന്നു. കൈതപ്രമാണ് ഗാനരചന നിർവഹിക്കുന്നത്. പ്രശാന്ത് മാധവ് കലാസംവിധാനവും അനിൽ രാധാകൃഷ്ണൻ ലൊക്കേഷൻ സൗണ്ട്, സൗണ്ട് ഡിസൈൻ വിഭാഗങ്ങളും കൈകാര്യം ചെയ്യുന്നു. സുജിത്ത് സുധാകരനാണ് വസ്ത്രാലങ്കാരം. സ്റ്റണ്ട് സിൽവ ആക്ഷൻ രംഗങ്ങൾ ഒരുക്കുന്നു. ബിജു തോമസാണ് പ്രൊഡക്ഷൻ കൺട്രോളർ. അക്ഷയ് പ്രകാശാണ് പി ആർ ഒ. മോഹൻലാലിനൊപ്പം മുകേഷും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നുണ്ട്. ഇരുവരും ഒന്നിച്ച നിരവധി സിനിമകൾ മലയാളികൾക്ക് സമ്മാനിച്ച ഹാസ്യനിമിഷങ്ങൾ ഇന്നും പ്രേക്ഷകരുടെ ഓർമയിലുണ്ട്. ഈ കൂട്ടുകെട്ടിന്റെ പുതിയ അവതരണം എങ്ങനെയായിരിക്കുമെന്നതും കാത്തിരിപ്പിന് കാരണമാണ്. മോഹൻലാലിന്റെ താരമൂല്യം, അനൂപ് സത്യന്റെ പുതിയ സിനിമാസങ്കൽപ്പം, അഖിൽ സത്യന്റെ സമീപകാല വിജയങ്ങൾ, സത്യൻ അന്തിക്കാടിന്റെ സിനിമാപാരമ്പര്യം, ആശീർവാദ് സിനിമാസിന്റെ നിർമാണപങ്കാളിത്തം എന്നിവയെല്ലാം ചിത്രത്തിന് വലിയ പ്രതീക്ഷ നൽകുന്നു. അച്ഛന്റെ സിനിമകളിലൂടെ മലയാളികൾ പരിചയിച്ച മോഹൻലാലിനെ മകന്റെ സംവിധാനത്തിൽ പുതിയൊരു ഭാവത്തിൽ കാണാനാകുമോ 368–ാമത്തെ ചിത്രം മോഹൻലാലിന്റെ അഭിനയജീവിതത്തിൽ മറ്റൊരു ശ്രദ്ധേയ അധ്യായമാകുമോ ഉത്തരങ്ങൾക്കായി കാത്തിരിക്കുകയാണ് ആരാധകർ.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിച്ചു

കേരളം സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2026 വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിച്ചു. 2023, 2024, 2025 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച മികച്ച ബാലസാഹിത്യ കൃതികൾക്കാണ് പുരസ്കാരം നൽകുന്നത്. 20,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. കഥ/ നോവൽ, കവിത, നാടകം, ശാസ്ത്രം, വൈജ്ഞാനികം (ശാസ്ത്രം ഒഴികെ), വിവർത്തനം/ പുനരാഖ്യാനം, ജീവചരിത്രം/ ആത്മകഥ, ചിത്രീകരണം, ചിത്രപുസ്തകം, പ്രൊഡക്ഷൻ എന്നിങ്ങനെ 10 വിഭാഗങ്ങളിലാണ് പുരസ്കാരം. മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ കൃതികൾ അതേ വിഭാഗത്തിൽ വീണ്ടും പരിഗണിക്കില്ല. അവർക്ക് മറ്റ് വിഭാഗങ്ങളിലേക്ക് കൃതികൾ അയയ്ക്കാം. എഴുത്തുകാർക്കും പ്രസാധകർക്കും പുരസ്കാരത്തിനായി പുസ്തകങ്ങൾ അയയ്ക്കാം. പരിഷ്കരിച്ച പതിപ്പുകൾ അവാർഡിന് പരിഗണിക്കുന്നതല്ല. പുസ്തകത്തിന്റെ 4 കോപ്പി വീതം ഡയറക്ടർ, കേരളം സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളജ് കാമ്പസ്, പാളയം, തിരുവനന്തപുരം-34 വിലാസത്തിൽ നവംബർ 30ന് മുമ്പായി ലഭിക്കണം. മൊബൈൽ: 8547971483.

അമൃത് ഫാർമസികൾക്ക് ദേശീയ പുരസ്കാരം

തിരുവനന്തപുരം: മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലും ആരോഗ്യസേവനങ്ങൾ നൽകുന്നതിലുമുള്ള മികവിന് ടൈംസ് നെറ്റ് വർക്ക് ഇന്ത്യ ഹെൽത്ത് സമ്മിറ്റ് ആൻഡ് അവാർഡ്സ് 2026 ൽ അമൃത് ഫാർമസികൾക്ക് ദേശീയ പുരസ്കാരം ലഭിച്ചു. ന്യൂഡൽഹിയിൽ നടന്ന പരിപാടി കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ആയുഷ്, ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി പ്രതാപ് ജാധവിൽ നിന്ന് എച്ച്എൽഎൽ റീട്ടെയിൽ ബിസിനസ് ഡിവിഷൻ അസോസിയേറ്റ് വൈസ് പ്രസിഡൻറ് രാജേഷ് രാമചന്ദ്രൻ പുരസ്കാരം ഏറ്റുവാങ്ങി.

ഗുണമേൻമയുള്ള മരുന്നുകൾ, ഇംപ്ലാൻറുകൾ, മെഡിക്കൽ ഉത്പന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിലൂടെ ചികിത്സാച്ചെലവും ജനങ്ങളുടെ വ്യക്തിഗത ചെലവുകളും കുറയ്ക്കുന്നതിൽ അമൃത് നൽകിയ ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ചാണ് അംഗീകാരം.

രാജ്യമൊട്ടാകെ 288 അമൃത് ഫാർമസി ഔട്ട്ലെറ്റുകളാണ് എച്ച്എൽഎല്ലിനു കീഴിൽ പ്രവർത്തിക്കുന്നത്.

അമൃത് ഫാർമസിയ്ക്ക് ലഭിച്ച ദേശീയ പുരസ്കാരം കേന്ദ്ര ആയുഷ്, ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി പ്രതാപ് ജാധവിൽ നിന്ന് എച്ച്എൽഎൽ റീട്ടെയിൽ ബിസിനസ് ഡിവിഷൻ അസോസിയേറ്റ് വൈസ് പ്രസിഡൻറ് രാജേഷ് രാമചന്ദ്രൻ ഏറ്റുവാങ്ങുന്നു. കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ സമീപം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

സംസ്ഥാന രൂപീകരണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ അടയാളപ്പെടുത്തുന്ന 'ഫെസ്റ്റിവൽ ഓഫ് കേരളം 2026 ന്റെ'റെ ലോഗോ പ്രകാശനം നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു

എൽ.ബി.എസ്. സെന്ററിന്റെ സുവർണ ജൂബിലിക്കും വനിത എഞ്ചിനീയറിംഗ് കോളജിന്റെ രജത ജൂബിലിക്കും തുടക്കം

കേരളത്തിന്റെ കമ്പ്യൂട്ടർ വിദ്യാഭ്യാസ രംഗത്ത് മുദ്രപതിപ്പിച്ച എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ സുവർണ ജൂബിലി ആഘോഷങ്ങൾക്കും പൂജപ്പുര എൽ.ബി.എസ്. വനിത എഞ്ചിനീയറിംഗ് കോളജിന്റെ രജത ജൂബിലി ആഘോഷങ്ങൾക്കും തുടക്കം. കോളജ് ക്യാമ്പസിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. പരിപാടിയുടെ ഭാഗമായി മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ ത്രീഡി പ്രിന്റഡ് പ്രതിമ മന്ത്രി അനാച്ഛാദനം ചെയ്തു. എൽ.ബി.എസ്. സെന്ററിന്റെ ഓൺലൈൻ കോഴ്സുകൾ, ഓൺലൈൻ പരീക്ഷ പോർട്ടൽ, ട്രസ്റ്റ് റിസർച്ച് പാർക്ക് സാറ്റലൈറ്റ് സെന്റർ എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിനിടെ കേരളത്തിലെ കമ്പ്യൂട്ടർ വിദ്യാഭ്യാസം, എഞ്ചിനീയറിംഗ് കൺസൾട്ടൻസി, പൊതു മേഖലാ റിക്രൂട്ട്മെന്റ്, അലോട്ട്മെന്റ് എന്നീ മേഖലകളിൽ എൽ.ബി.എസ്. സെന്റർ നൽകി വരുന്ന ശ്രദ്ധേയമായ സംഭാവനകളെ മന്ത്രി അഭിനന്ദിച്ചു. മികച്ച അക്കാദമിക് നിലവാരം പുലർത്തുന്ന പൂജപ്പുര എഞ്ചിനീയറിംഗ് കോളജിന്റെ നേട്ടങ്ങളിൽ സ്ത്രീകളുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും വി-സാറ്റ് ഉപഗ്രഹം വികസിപ്പിച്ച് വിക്ഷേപിച്ചത് അഭിമാനകരമായ അധ്യായമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർപേഴ്സൺ ഡോ. അച്യുത്ശങ്കർ എസ്. നായർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എൽ.ബി.എസ്. ഡയറക്ടർ ഡോ. ജെ. ജയമോഹൻ സ്വാഗതം ആശംസിച്ചു.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. പി. ജയപ്രകാശ് മുഖ്യപ്രഭാഷണം നടത്തി. ട്രസ്റ്റ് റിസർച്ച് പാർക്ക് സിഇഒ ഡോ. എം.എസ്. രാജശ്രീ, കോളജ് ബിഒജി ചെയർമാൻ ഡോ. വി. രാധാകൃഷ്ണൻ, എൽ.ബി.എസ്. സെന്റർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശരത്ചന്ദ്രൻ ഉണ്ണിത്താൻ എന്നിവർ പ്രസംഗിച്ചു. കോളജ് പ്രിൻസിപ്പാൾ ഡോ. എം.ബി. സ്മിതമോൾ നന്ദി പ്രകാശിപ്പിച്ചു.

കേരളപ്പിറവിയുടെ എഴുപതാം വാർഷികം :കേരളത്തെ ഒന്നാമതാക്കാനുള്ള സ്വപ്നയാത്രയുടെ തുടക്കമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ

ഫെസ്റ്റിവൽ ഓഫ് കേരളം 2026' ലോഗോ പ്രകാശനം ചെയ്തു

കേരളപ്പിറവിയുടെ എഴുപതാം വാർഷികം കേരളത്തെ ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാക്കി മാറ്റാനുള്ള സ്വപ്നയാത്രയുടെ തുടക്കമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ നടന്ന 'ഫെസ്റ്റിവൽ ഓഫ് കേരളം 2026' ന്റെ ലോഗോ പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തെ ഇന്നത്തെ നിലയിലേക്ക് ഉയർത്താൻ കഠിനാധ്വാനം ചെയ്ത എണ്ണമറ്റ നല്ല മനുഷ്യരെ അനുസ്മരിച്ച മുഖ്യമന്ത്രി, ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് നമ്മൾ വളരേണ്ടതുണ്ടെന്ന് ഓർമിപ്പിച്ചു. ഒരുപാട് സ്വപ്നങ്ങൾ നെയ്തുകൂട്ടിയാണ് മുന്നോട്ട് പോകുന്നതെന്നും വിശ്രമമില്ലാത്ത കഠിനാധ്വാനത്തിലൂടെ മാത്രമേ അത് യാഥാർഥ്യമാക്കാനാകൂ എന്നും കൂട്ടിച്ചേർത്തു.

സംസ്ഥാന രൂപീകരണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ അടയാളപ്പെടുത്തുന്ന വാർഷിക ആഘോഷങ്ങളുടെ ആദ്യഘട്ടമായി ചെന്നൈ, ബെംഗളൂരു, മുംബൈ, ന്യൂഡൽഹി, കൊൽക്കത്ത നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരള' സംഘടിപ്പിക്കും. കേരളത്തിന്റെ തനതായ കലാരൂപങ്ങളും സാംസ്കാരിക പാരമ്പര്യവും പ്രദർശിപ്പിക്കുന്നതിനൊപ്പം സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും കേരളത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനും നവംബർ ഒന്നിന് ആരംഭിക്കുന്ന ഫെസ്റ്റിവൽ കേരളയിലൂടെ അവസരമൊരുങ്ങും.

രാജ്യത്തെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ നിലവാരം, മികച്ച ആരോഗ്യരംഗം, വ്യവസായ-സംരംഭകത്വ പുരോഗതി, തൊഴിലവസര സൃഷ്ടി, ഭദ്രമായ ധനസ്ഥിതി, ശക്തമായ ക്ഷേമ-വികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ കേരളത്തെ ലോകത്തിന്റെ മുൻനിരയിലേക്ക് നയിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തനതായ കല, സാഹിത്യം, എഴുത്ത്, വായന എന്നിവ സംരക്ഷിച്ചു നിർത്തുമ്പോൾ തന്നെ, കേരളം ഇതുവരെ മുൻപന്തിയിൽ നിന്ന മേഖലകളിൽ ആ ആധിപത്യം തുടരുകയും പിന്നിലായ മേഖലകളിൽ മുന്നിലേക്ക് കൈപിടിച്ചു കൊണ്ടുപോകുകയും ചെയ്യും. കേരളത്തെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കാനുള്ള ഈ കൂട്ടായ യത്നത്തിന് എല്ലാവരുടെയും പിന്തുണയുണ്ടാവണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

മുഖ്യമന്ത്രിയും ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാനും മന്ത്രി പി സി വിഷ്ണുനാഥും പുതിയ തലമുറയിലെ പ്രതിനിധികളായ ആവീർഭാവും ഈവഅനിലും എഴുപതു വയസ്സുകാരായ സുമതിയും സുന്ദരൻ നാടാരും ചേർന്ന് 'ഫെസ്റ്റിവൽ ഓഫ് കേരളം 2026' ന്റെ ലോഗോ പ്രകാശനം നിർവഹിച്ചു.

സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും ഡെപ്യൂട്ടി സ്പീക്കറും മന്ത്രി പി സി വിഷ്ണുനാഥും ആശംസകൾ അർപ്പിച്ചു.

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് സ്വാഗതവും കായിക യുവജനകാര്യ സെക്രട്ടറി എൻ പ്രശാന്ത് നന്ദിയും പറഞ്ഞു. മന്ത്രിമാരായ എൻ ഷംസുദ്ദീൻ, പി കെ ബഷീർ, സണ്ണി ജോസഫ്, സി പി ജോൺ, കെ എ തുളസി, ബിന്ദു കൃഷ്ണ, റോജി എം ജോൺ, വി ഇ അബ്ദുൾ ഖഫൂർ, മോൻസ് ജോസഫ്, എംഎൽഎ മാരായ കെ കെ രമ, പ്രവീൺ, ഗോപകുമാർ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

മന്ത്രിക്കെതിരെയുള്ള പ്രതിഷേധത്തിൽ മഹാരാജാസിലെ എസ്എഫ്ഐ പ്രവർത്തകർ

കൊച്ചി: എറണാകുളം മഹാരാജാസ് കോളജിലെ ബിരുദദാന ചടങ്ങിൽ മന്ത്രി റോജി എം. ജോണിനെതിരെ നടത്തിയ പ്രതിഷേധത്തിൽ വിശദീകരണവുമായി എസ്എഫ്ഐ പ്രവർത്തകർ. പരിപാടി അലങ്കോലമാക്കാനല്ല, സമാധാനപരമായി ചോദ്യങ്ങൾ ചോദിക്കാൻ മാത്രമാണ് എത്തിയതെന്ന് സ്റ്റേജിൽ കയറി പ്രതിഷേധിച്ച കോളജ് വൈസ് ചെയർപേഴ്സൺ നഫീസത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു.

മഹാരാജാസ് കോളജിൽ സെക്കൻഡ് ഇയർ കെമിസ്ട്രി പഠിക്കുന്ന വിദ്യാർഥിയാണ് ഞാൻ. ഞാൻ എന്ന ഒറ്റാൾക്ക് ആ പരിപാടി മുടക്കാൻ എന്താണ് ചെയ്യാനാവുക. ആകെ രണ്ട് നിമിഷമാണ് ചോദിച്ചത്. ഉത്തരങ്ങൾ അന്വേഷിക്കുകയാണ് ഞങ്ങൾ. സംസ്കൃത സർവകലാശാലയിലെ വിദ്യാർഥികൾ എന്തു തെറ്റ് ചെയ്തിട്ടാണ് പുറത്താക്കിയിട്ടുള്ളത്. 60 ദിവസത്തെ സസ്പെൻഷൻ എന്ന് പറയുമ്പോൾ രണ്ട് മാസമാണ്. ഒരു സെമസ്റ്ററിൽ രണ്ട് മാസം സസ്പെൻഷൻ ആയാൽ എങ്ങനെയാണ് വിദ്യാർഥികൾ പരീക്ഷ എഴുതുക.

അയാൾ പറഞ്ഞ നുണ പ്രചാരണത്തിൽ മാത്രമാണ് ആ കുട്ടികളെ ഇന്നും സസ്പെൻഷനിൽ വച്ചിരുന്നത്. അവർ അപരിഷ്കൃതമായ സമരങ്ങളാണ് മുന്നോട്ടു കൊണ്ടു പോയിട്ടുള്ളത് എന്നാണ് അയാൾ പറഞ്ഞത്. ആ ഹെഡ്‌ലൈറ്റുകൾ വർക്കിംഗ് അല്ലെന്ന് പറഞ്ഞ് നിരവധി പരാതികൾ നൽകിയിട്ടുണ്ട്. എക്സാം സർട്ടിഫിക്കറ്റ് കിട്ടാത്തത് അടക്കം നിരവധി സമരങ്ങളുടെ തുടർച്ചയായാണ് നാടകം ചെയ്തത്. അതിനെ എത്തരത്തിലാണ് വളച്ചൊടിച്ച് മുന്നോട്ട് കൊണ്ടു പോയത്. സംഘപരിവാറിൻറെ അജൻഡയാണ് മുന്നോട്ട് വയ്ക്കുന്നത്. അത് വിസിയുടെ ശവമഞ്ചമല്ല, ഹെഡ്‌ലൈറ്റുകളുടെ മരണം എന്ന നാടകമാണ്. അത് മന്ത്രിക്ക് മനസലായിട്ടുണ്ട്. സമാധാനപരമായി ചോദ്യങ്ങൾക്ക് മറുപടി നൽകിയിരുന്നെങ്കിൽ ഞങ്ങൾ അപ്പോഴേ പോയേനെ. എന്തുകൊണ്ടാണ് മറുപടി പറയാൻ തയാറാവാത്തത് എന്ന് നഫീസത്ത് പറഞ്ഞു. അതേസമയം, റോജി എം. ജോണിൻറെ അടുത്ത നീക്കം പ്രതിഷേധിച്ച നഫീസത്തിനെ കോളജിൽ നിന്നും പുറത്താക്കാനവുമെന്ന് എസ്എഫ്ഐ പ്രവർത്തകർ ആരോപിച്ചു.

ജനാധിപത്യത്തിന് വലിയ വാല്യു കൽപ്പിക്കുന്നുണ്ടെന്ന് പറഞ്ഞ മന്ത്രി പെൺകുട്ടിയുടെ ഒരു ചോദ്യത്തിന് പോലും മറുപടി നൽകാൻ തയാറാകാതെ വനിത പൊലിസിനെ ഉപയോഗിച്ച് മാറ്റാനാണ് ശ്രമിച്ചത്. ഈ പ്രതിഷേധം നടക്കുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി സസ്പെൻഡ് ചെയ്ത 16 വിദ്യാർഥികളെ പരീക്ഷയെഴുതാൻ അനുവദിക്കണമെന്ന് ഉത്തരവിട്ടിരിക്കുകയാണ്. ഹൈക്കോടതി വിധി ഉന്നത വിദ്യാഭ്യസ മന്ത്രിക്കും സിസ തോമസിനും മുഖത്തേറ്റ അടിയാണെന്ന് ഇവർക്ക് തോന്നണം.

കോടതിയെ പോലും ബഹുമാനിക്കാതെ ആരോടാണ് പക തീർക്കുന്നത് ആരെയാണ് വെല്ലുവിളിക്കുന്നത് ഞങ്ങൾക്ക് ഉറപ്പുണ്ട്, പ്രതിഷേധിച്ച പെൺകുട്ടിയെ മഹാരാജാസിൽ നിന്നും പുറത്താക്കാൻ വേണ്ടിയാകും റോജി എം. ജോണിൻറെ അടുത്ത നിർദേശം. ഇന്ന് ബിരുദം ഏറ്റു വാങ്ങേണ്ടിയിരുന്ന വിദ്യാർഥികൾ അടക്കമാണ് പ്രതിഷേധിച്ചത്. നീണ്ട 60 ദിവസമായി സസ്പെൻഷനിലാണ് വിദ്യാർഥികൾ. കേരളത്തിലാകെ ഇതിനെതിരെ പ്രതിഷേധമുണ്ടാകുമെന്നും എസ്എഫ്ഐ പ്രവർത്തകർ വ്യക്തമാക്കി.

ഗുജറാത്തിനെതിരായ രഞ്ജി ട്രോഫി മത്സരം: കേരള ടീമിനെ പ്രഖ്യാപിച്ചു

തിരുവനന്തപുരം: രഞ്ജി ട്രോഫിയിൽ ഗുജറാത്തിനെതിരായ മത്സരത്തിനുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. ഫാസ്റ്റ് ബൗളർ കെ എം ആസിഫിനെ ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നവംബർ 2 മുതൽ 5 വരെയാണ് മത്സരം. വിഷ്ണു വിനോദാണ് ടീമിന്റെ ക്യാപ്റ്റൻ. ഈ സീസണിൽ കേരളത്തിൻറെ രണ്ടാം എവേ മത്സരമാണിത്. മൂന്ന് മത്സരങ്ങളിൽ ഒരു ജയവും ഒരു തോൽവിയുമാണ് കേരളത്തിനുള്ളത്. ഒരു സമനിലയുമടക്കം എട്ട് പോയിന്റുള്ള കേരളം ഗ്രൂപ്പിൽ നാലാം സ്ഥാനത്താണ്. 11 പോയിന്റുള്ള ഗുജറാത്ത് മൂന്നാം സ്ഥാനത്താണുള്ളത്. കേരള ടീം: വിഷ്ണു വിനോദ് (ക്യാപ്റ്റൻ), രോഹൻ എസ്. കുന്നുമ്മൽ, അഭിഷേക് പി. നായർ, അഭിഷേക് ജെ. നായർ, സച്ചിൻ ബേബി, മുഹമ്മദ് അസറുദ്ദീൻ (വിക്കറ്റ് കീപ്പർ), സൽമാൻ നിസാർ, വരുൺ നായനാർ (വിക്കറ്റ് കീപ്പർ), ജലജ് സക്സേന, വൈശാഖ് ചന്ദ്രൻ, ആദിത്യ ആനന്ദ് സർവാടെ, അനുരാജ് ജെ. എസ്, കെ. എം. ആസിഫ്, എം. ഡി. നിധീഷ്, പവൻ രാജ്, എൻ. പി. ബേസിൽ.

മീനങ്ങാടി സ്കൂൾ വിനോദയാത്ര വിവാദം: പ്രിൻസിപ്പൽ മദ്യപിച്ചിട്ടില്ലെന്ന് രക്തപരിശോധന ഫലം

മാനന്തവാടി: വയനാട് മീനങ്ങാടി സ്കൂൾ വിനോദയാത്ര വിവാദത്തിൽ ട്വിസ്റ്റ്. വിനോദയാത്രക്കിടെ പ്രിൻസിപ്പൽ മദ്യപിച്ചെന്ന് ആരോപണം തെറ്റെന്ന് തെളിഞ്ഞിരിക്കുകയാണ്. പ്രിൻസിപ്പലിൻറെ രക്തപരിശോധന ഫലം നെഗറ്റീവാണ്. കൂടുതൽ പരിശോധനയിലേക്ക് കടന്നതിനെ തുടർന്നാണ് ആരോപണത്തിൽ വഴിത്തിരിവുണ്ടായിരിക്കുന്നത്.മീനങ്ങാടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ വിനോദയാത്രയ്ക്കിടെ പ്രിൻസിപ്പൽ ഷിവി കൃഷ്ണനും പിടിഎ പ്രസിഡൻറ് എസ്. ഹാജിസ് എന്നിവരും മദ്യപിച്ചെന്ന വാർത്ത വലിയ വിവാദങ്ങൾക്കാണ് വഴിതുറന്നത്. എന്നാൽ പ്രിൻസിപ്പലിന് യാതൊരു പങ്കുമില്ലെന്ന് വ്യക്തമാക്കി വിദ്യാർഥികൾ തന്നെ നേരിട്ട് രംഗത്തെത്തിയിരുന്നു.

മടക്കയാത്രയിൽ പിടിഎ പ്രസിഡന്റ് മദ്യപിച്ചാണ് വണ്ടിയിൽ കയറിയതെന്നും കടുത്ത ദുർഗന്ധം അനുഭവപ്പെട്ടതിനെ തുടർന്ന് പ്രിൻസിപ്പലിനോട് പരാതിപ്പെട്ടപ്പോൾ അദ്ദേഹം അടിയന്തര നടപടി സ്വീകരിച്ചിരുന്നതായും വിദ്യാർഥികൾ പറഞ്ഞു. ദൃശ്യങ്ങൾ എങ്ങനെ പുറത്തുവന്നു എന്നതിനെക്കുറിച്ച് തങ്ങൾക്ക് അറിവില്ലെന്നും വിദ്യാർഥികൾ കൂട്ടിച്ചേർത്തത്.

പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായി 1,000 കോടി രൂപയുടെ ഭവനപദ്ധതി: നവംബർ 1ന് ആരംഭിക്കുമെന്ന് മന്ത്രി കെ.എ. തുളസി

പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 1,000 കോടിരൂപയുടെ പുതിയ ഭവനപദ്ധതി കേരളപ്പിറവി ദിനമായ നവംബർ 1ന് ആരംഭിക്കുമെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി അറിയിച്ചു. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ഭവനപദ്ധതിയാണ് സർക്കാർ നടപ്പിലാക്കുന്നത്. ഈ വർഷം 25,000 പട്ടികജാതി കുടുംബങ്ങൾക്കും, 7,000 പട്ടികവർഗ കുടുംബങ്ങൾക്കും ഭവന നിർമാണ ധനസഹായം നൽകുമെന്നും സെക്രട്ടേറിയറ്റിലെ പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

ഭവനപദ്ധതികളിലേക്ക് നവംബർ ഒന്നു മുതൽ 16 വൈകിട്ട് അഞ്ചുമണി വരെ അപേക്ഷ സമർപ്പിക്കാം. പട്ടിക ജാതി ഭവന പദ്ധതിയിലെ ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട വികസന ഓഫീസിൽ നേരിട്ടോ വകുപ്പിന്റെ പോർട്ടലിൽ ഓൺലൈനായോ അപേക്ഷിക്കാം. പട്ടികവർഗ വികസന വകുപ്പിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നേതൃത്വം നൽകും. നവംബർ 24 വരെ അപേക്ഷകളുടെ പരിശോധന നടത്തും. തയ്യാറാക്കിയ പട്ടിക നവംബർ 30 ന് ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് സമർപ്പിക്കണം.

ഡിസംബർ മൂന്നിന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കും. ഡിസംബർ ആറിനാണ് സംസ്ഥാനതല ഉദ്ഘാടനം. ഡിസംബറിൽ ആദ്യഗഡുവിതരണം ചെയ്യും. അപേക്ഷകരുടെ കുടുംബത്തിന്റെ വാർഷിക വരുമാന പരിധി മൂന്നുലക്ഷം രൂപയായിരിക്കണം. വിധവകൾ കുടുംബനാഥയായുള്ള കുടുംബങ്ങൾക്കും മാരക രോഗം ബാധിച്ച കുടുംബാംഗങ്ങളുള്ളവർക്കും മുൻഗണന നൽകും. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങൾക്കും മുന്തിയ പരിഗണന ഉണ്ടാകും.

പട്ടികജാതി ഭവന പദ്ധതിയിൽ ഗ്രാമപരിധിയിൽ കുറഞ്ഞത് രണ്ട് സെന്റും നഗരപരിധിയിൽ കുറഞ്ഞത് ഒന്നര സെന്റും ഭൂമിയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർ 70 വയസ്സിന് താഴെ പ്രായമുള്ളവർ ആയിരിക്കണം. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെയും പരിഗണിക്കും. 50,000 രൂപ വരെ വാർഷിക വരുമാനം ഉള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകും. വകുപ്പ് നേരിട്ടായിരിക്കും ഗുണഭോക്തൃ പട്ടിക തയ്യാറാക്കുക. നിർമിക്കുന്ന ഭവനത്തിന് 500 ചതുരശ്ര അടി വിസ്തീർണമുണ്ടായിരിക്കണം. പട്ടികവർഗ ഭവനപദ്ധതിയിൽ ഒരു ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്കും രണ്ടിലധികം വിദ്യാർഥികളുള്ള കുടുംബത്തിന് മുൻഗണന നൽകും. പട്ടികജാതി ഭവന പദ്ധതി പ്രകാരമുള്ള ഭവന ധനസഹായം നാല് ലക്ഷം രൂപയിൽ നിന്നും ആറ് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നാല് ഗഡുക്കളായിട്ടാവും ധനസഹായം വിതരണം.

പട്ടികവർഗ ഭവന നിർമ്മാണ പദ്ധതി ധനസഹായത്തിലും രണ്ടുലക്ഷം രൂപയുടെ വർധനവ് സർക്കാർ വരുത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട ഇടങ്ങളിൽ വീട് വയ്ക്കുന്ന പട്ടികവർഗക്കാർക്ക് നാലിൽ നിന്നും ആറു ലക്ഷം രൂപയായും, സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്ന് കിടക്കുന്ന ഇടങ്ങളിലും അതീവ ദുർഘട പ്രദേശങ്ങളിലും വീട് വയ്ക്കുന്ന ഗുണഭോക്താക്കൾക്ക് ആറിൽ നിന്നും എട്ടുലക്ഷമായും ഭവന ധനസഹായം വർധിപ്പിച്ചു. പട്ടികജാതി വിഭാഗങ്ങൾക്കായി 727.68 കോടി രൂപയുടെയും പട്ടികവർഗ വിഭാഗങ്ങൾക്കായി 252.52 കോടി രൂപയുടെയും തനത് ഭവനപദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമാണ ധനസഹായത്തിന് 20 കോടി രൂപയും വിനിയോഗിക്കും. ഇതോടെ, തനത് ഭവനപദ്ധതികൾക്കായി ആകെ 1,000 കോടി രൂപ നടപ്പുവർഷം വകയിരുത്തുന്നതാണ്.

ലൈഫ് പദ്ധതിയെയാണ് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ കഴിഞ്ഞ വർഷം വരെ ഭവന ധനസഹായത്തിന് ആശ്രയിച്ചത്. അർഹമായ ഭവന നിർമാണ ധനസഹായം കഴിഞ്ഞ വർഷങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട ഈ വിഭാഗങ്ങൾക്ക് ലഭ്യമായില്ല. 2024-25 ൽ 120 കോടി രൂപയും, 2025 26 ൽ 105 കോടി രൂപയും ലൈഫ് മിഷനിലേക്ക് പട്ടികജാതി വികസന വകുപ്പ് നൽകി. എന്നാൽ ഒരു രൂപ പോലും ചെലവഴിക്കാതെ സാമ്പത്തിക വർഷാവസാനം ധനവകുപ്പ് ആ തുക തിരിച്ചെടുക്കുകയായിരുന്നു. കഴിഞ്ഞ എട്ട് വർഷം കൊണ്ട് പട്ടികജാതിക്കാർക്കായി ലൈഫ് മിഷൻ ആകെ 757.47 കോടി രൂപയാണ് ചെലവഴിച്ചത്. ഈ വർഷം മാത്രം പട്ടികജാതി പട്ടികവർഗ പിന്നാക്കക്ഷേമ വകുപ്പ് തനത് ഭവനപദ്ധതിക്കായി വിനിയോഗിക്കുന്നത് 727. 62 കോടി രൂപയാണ്.

പട്ടിക വിഭാഗങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയാണ് ഇത് കാണിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട, ദുരിതത്തിലാണ്ട ഈ വിഭാഗങ്ങളെ കൈവിടാതെ ചേർത്ത് നിർത്തുകയാണ് സർക്കാർ. ഭവന നിർമാണത്തുക വർധിപ്പിക്കുന്ന കാര്യത്തിൽ തന്നെ ഇത് വ്യക്തമാണ്. 2009ൽ ഒരു ലക്ഷം രൂപ എന്നത് 2011 ലാണ് രണ്ട് ലക്ഷം രൂപയായി വർധിപ്പിച്ചത്. രണ്ട് ലക്ഷം- മൂന്ന് ലക്ഷം രൂപയായി വർധിപ്പിച്ചതും 2014ൽ ആണ്. 2018ലെ സർക്കാർ അത് നാല് ലക്ഷം രൂപയാക്കി. എട്ട് വർഷം അതേ നിരക്ക് തുടർന്നു. ഇപ്പോൾ ഈ സർക്കാരാണ് ആറ് ലക്ഷം രൂപയാക്കി ഉയർത്തിയത്.

പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ധനസഹായം 2009 ലെ ഒന്നേകാൽ ലക്ഷം രൂപയിൽ നിന്നും രണ്ടര ലക്ഷമാക്കി ഉയർത്തിയത് 2011 ൽ ആണ്. അത് 2015 ൽ മൂന്നര ലക്ഷമാക്കി ഉയർത്തി. 2018 ൽ ലൈഫ് മിഷൻ തുടങ്ങിയപ്പോൾ അത് കാറ്റഗറികളായി തിരിച്ച് നാല് ലക്ഷം, ആറ് ലക്ഷം എന്നിങ്ങനെയാക്കി. കഴിഞ്ഞ എട്ടുവർഷമായി തുടരുന്ന ആ നിരക്കാണ് ഈ സർക്കാർ യഥാക്രമം, ആറ് ലക്ഷം, എട്ട് ലക്ഷം എന്നിങ്ങനെ വർധിപ്പിച്ചതെന്ന് മന്ത്രി വ്യക്തമാക്കി. വകുപ്പ് സെക്രട്ടറി ഡോ. വീണാമാധവൻ, എസ് ടി ഡയറക്ടർ ബിനു ഫ്രാൻസിസ്, എസ് സി ഡയറക്ടർ ഹിമ കെ, പ്രൈവറ്റ് സെക്രട്ടറി എം എസ് ഇർഷാദ്, സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി വി ജി മിനിമോൾ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ശബരിമല തീർഥാടകർക്ക് രണ്ട് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ

തിരുവനന്തപുരം: ശബരിമലയിൽ മണ്ഡല-മകരവിളക്ക് തീർഥാടനത്തിന് എത്തുന്ന ഭക്തർക്കായി എൽഐസി വഴി പുതിയ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. ജയകുമാർ. തീർഥാടന സമയത്ത് ശബരിമലയിൽവച്ച് മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ഇൻഷുറൻസ് പരിരക്ഷ ലഭിക്കുമെന്നും ഇതിനായുള്ള പ്രീമിയം തുക മുഴുവനായും ദേവസ്വം ബോർഡ് തന്നെ അടയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മണ്ഡലകാലം പ്രമാണിച്ച് ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനവും വിവിധ ക്രമീകരണങ്ങളും പുരോഗമിക്കുകയാണ്. ഇതിൻറെ ഭാഗമായി കേറ്റ്സ്കോണുമായി ചേർന്ന് ദേവസ്വം ബോർഡിൻറെ രണ്ട് പെട്രോൾ പമ്പുകളുടെ സേവനം മെച്ചപ്പെടുത്തുമെന്നും, തീർഥാടകരുടെ സൗകര്യത്തിനായി നിലയ്ക്കലിലും പമ്പയിലും പ്രത്യേക റിസപ്ഷൻ ഡെസ്കുകൾ സജ്ജമാക്കുമെന്നും ജയകുമാർ അറിയിച്ചു.

വർക്കലയിൽ യുവതി വീട്ടിൽ മരിച്ച നിലയിൽ; അന്വേഷണം തുടങ്ങി പൊലിസ്

തിരുവനന്തപുരം: വർക്കലയിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തി. തച്ചോട് പൈപ്പിൻമൂട് ജിഷയാണ് മരിച്ചത്. രണ്ടാം വിവാഹം കഴിഞ്ഞ് പത്താം ദിവസമാണ് മരണം. രാവിലെ പതിനൊന്നോടെ വീട്ടിലെ ജനലിൽ തൂങ്ങിയ നിലയിലാണ് ജിഷയെ കണ്ടെത്തിയത്. വീട്ടിൽ ഭർത്താവും മക്കളും ഉള്ളപ്പോഴായിരുന്നു സംഭവം. അവശനിലയിലായ ജിഷയെ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു.

സംഭവത്തിൽ അയിരൂർ പൊലിസ് അന്വേഷണം തുടങ്ങി. ജിഷയുടെ ആദ്യഭർത്താവ് വിദേശത്ത് വച്ച് വാഹനാപകടത്തിൽ മരിച്ചിരുന്നു. തുടർന്ന് ഈ മാസം ഇരുപതിന് ജിഷ അജി എന്ന ആളെ വിവാഹം കഴിക്കുകയായിരുന്നു.